സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

September 2025
Vol. 2 Issue 1 pages 43-49

പാലൈ
PALAI பாலை
ISSN No: 3049-0316

# നാടോടി ഘടകങ്ങളുടെ വിനിയോഗം - ചലച്ചിത്ര ഗാനങ്ങളിൽ വയലാറിന്റെ തെരഞ്ഞെടുത്ത രചനകളെ മുൻനിർത്തിയുള്ള വിശകലനം



**ആതിര എ.കെ.***

**സംഗ്രഹം**

മലയാളഭാഷ എല്ലാ കാലത്തും ഏറ്റുപാടുന്ന നിരവധി പാട്ടുകൾ വയലാർ രാമവർമ്മ രചിച്ചിട്ടുണ്ട്. 1928-1975 വരെയുള്ള ഇരുപത്തേഴ് വർഷങ്ങൾക്കിടയിൽ മൂവായിരത്തിലേറെ ഗാനങ്ങളാണ് അദ്ദേഹം എഴുതിയത്. തന്റെ പ്രതിഭയും പ്രചോദനവും ഏതാണ്ട് മുഴുവനായി ഗാനരചനയ്ക്കുവേണ്ടി നീക്കിവച്ച കവിയാണ് വലയാർ എന്ന് കെ.ജയകുമാർ അഭിപ്രായപ്പെട്ടിട്ടുണ്ട് (ജയകുമാർ. കെ. 2015:13). സിനിമാഗാനങ്ങളുടെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ സാഹിത്യം, സംഗീതം, സംസ്കാരം അതിനുള്ളിൽ തന്നെ ഭാഷ, പ്രമേയം, നാടോടിവഴക്കങ്ങൾ തുടങ്ങിയവയെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള പഠനങ്ങൾ പ്രസക്തമാണ്. വയലാറിന്റെ ഗാനങ്ങൾ പരിശോധിക്കുമ്പോൾ സിനിമാഗാനങ്ങളിൽ ഫോക് പാരമ്പര്യമാർജ്ജിച്ച സാഹിത്യപരിസരം കാണാനാകും.അവയുടെ ബാഹുല്യം വർഗീകരണത്തിന് തടസം സൃഷ്ടിക്കുമെങ്കിലും അതിരുകൾക്കുള്ളിൽ നിന്നുകൊണ്ട് പാരമ്പര്യം, ആചാരാനുഷ്ഠാനം, ഇതിഹാസം, പുരാവൃത്തം, ജനകീയഉത്സവങ്ങൾ തുടങ്ങി ഫോക് ഘടകങ്ങൾ ഗാനങ്ങളിലുൾപ്പെടുത്തിയവതരിപ്പിച്ചത് എങ്ങനെയാണെന്ന് ഈ പ്രബന്ധത്തിൽ വിശകലനം ചെയ്യുന്നു.

**താക്കോൽ വാക്കുകൾ:** സാഹിത്യം, സംസ്കാരം, സമൂഹം, ഭാഷ, ഫോക് ലോർ

## ആമുഖം

എല്ലാ സാഹിത്യാദികലകളുടെയും സൗന്ദര്യാംശങ്ങളുടെയും സ്വാംശീകരിച്ചെടുത്ത കലാരൂപമാണ് സിനിമ. പുതിയ കാലത്തെ ഏറ്റവും ജനപ്രിയമായ കലാരൂപം എന്ന നിലയിൽ സിനിമയ്ക്ക് അനേകം വെല്ലുവിളികളും അതേപോലെ സാധ്യതകളുമുണ്ട്. ഒരു വിനോദകലാരൂപം എന്ന നിലയിലാണ് സിനിമയെ സാമാന്യജനങ്ങൾ കാണുകയും സ്വീകരിക്കുകയും ചെയ്യുന്നത്. സിനിമ നിർമ്മിക്കുന്ന ആളുകൾ മിക്കവാറും

* മലയാളം ഗവേഷക, മലബാർ ക്രിസ്ത്യൻ കോളേജ് കോഴിക്കോട്, Ph: 7306666409
Email: athiravasantham94@gmail.com

 ISSN No: 3049-0316 

ലാഭമുണ്ടാക്കാനുള്ള ഒരു ഉത്പന്നം എന്ന നിലയിൽ അതിനെ കാലങ്ങളായി രൂപപ്പെടുത്തിയെടുക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ പ്രേക്ഷകരെ രസിപ്പിക്കുന്ന പല ചേരുവകളും സിനിമയിലേക്ക് കടന്നുവന്നു. സംഗീതവുമായി സിനിമ പുലർത്തുന്ന ബന്ധം അത്തരത്തിലുള്ളതാണ്. ശുദ്ധ ക്ലാസിക്കൽ സംഗീതത്തിന്റെ പാരമ്പര്യത്തിനുപകരം ജനപ്രിയ സംഗീതം എന്ന ഒരു ധാര സിനിമ രൂപപ്പെടുത്തി.ആദ്യകാലത്തുതന്നെ കഥയ്ക്കും കഥാസന്ദർഭത്തിനും അനുസരിച്ച് ഗാനങ്ങൾ സിനിമയുടെ അനിവാര്യഘടകമായി മാറി. പ്രണയം വിരഹം, ശോകം, ഹാസ്യം തുടങ്ങിയ ഭാവങ്ങളെ ഗാനത്തിലൂടെ അവതരിപ്പിക്കുമ്പോൾ അത് പ്രേക്ഷകരുടെ മനസ്സിനെ ആഴത്തിൽ സ്വാധീനിക്കും എന്ന അറിവാണ് സിനിമ അന്നുമുതൽ ഇന്നുവരെ ഗാനങ്ങളോടൊപ്പം സഞ്ചരിക്കാൻ കാരണമായിത്തീരുന്നത്.

ആദ്യകാല ജനകീയഗാനങ്ങൾ നാടൻപാട്ടുകളായിരുന്നു. ലാളിത്യവും സാരള്യവും ഗാനാത്മകതയുമാണ് നാടൻപാട്ടുകളുടെ പ്രധാനസവിശേഷത. സിനിമഗാനങ്ങളിലും കവികളും സംഗീതസംവിധായകരും പകർത്തിവെച്ചത് ലാളിത്യവും ഗാനാത്മകതയും തന്നെയാണ്. നാടൻപാട്ടുകളുടെ തുടർച്ചയെന്ന് അവകാശപ്പെടാവുന്നവ നാടകഗാനങ്ങളിലും സിനിമാഗാനങ്ങളിലും നിരവധിയുണ്ട്. “മൂന്നോ നാലോ നിമിഷങ്ങളിലൊതുങ്ങി നില്ക്കുന്ന ഒരു സ്വരശില്പമാണ് ചലച്ചിത്രഗാനം. തന്ത്രീലയ സമന്വിതമായ് അല്പം ചില വരികൾ, അവയിലൂടെ ഒരു ഭാവത്തിന്റെ ഉന്മീലനം: വിരൽത്തുമ്പുകൊണ്ടൊന്നു തൊട്ടാലുടനെ പൊട്ടിവിടരുന്ന പൂമൊട്ടുകളെ അനുസ്മരിപ്പിക്കുന്നവിധം അനായാസമധുരമായ ഭാവപ്രകാശനം പദങ്ങളും ഇമേജുകളുമെല്ലാം അതിനുതകുംവിധമാകണം." എന്നൊരു നിർവ്വചനം ഒ.എൻ.വി. കുറുപ്പ് ചലച്ചിത്ര ഗാനരചനയ്ക്ക് നല്കിയിട്ടുണ്ട്(ഹരികുമാർ പി.കെ 2013:4). സിനിമാഗാനങ്ങളിലെ ജനകീയത ബഹുസ്വരമായ ദർശനമാണ്. അത് കൂട്ടായ്മയുടെ സൃഷ്ടിയാണ്. പാട്ട് എഴുതുന്ന ആൾ, പാടുന്ന ആൾ, ചിട്ടപ്പെടുത്തുന്ന ആൾ, പാട്ടിന് അനുയോജ്യമാകുംവിധം വിവിധ സംഗീതോപകരണങ്ങൾ വായിക്കുന്നവർ, റെക്കോഡ് ചെയ്യുന്ന സാങ്കേതിക വിദഗ്ധർ ഇവരെല്ലാം ഒരു പാട്ടിന്റെ ഭാഗമാവുന്നു. ഇത് ഫോക്ലോറിന്റെ കൂട്ടായ്മയുടെ ദർശനവുമായി സാമ്യപ്പെടുത്താവുന്നതാണ്. കൂടാതെ ശുദ്ധമായ പാഠങ്ങൾ ഇല്ലാത്തതും പാഠഭേദങ്ങൾ അംഗീകരിക്കുകയും ചെയ്യുന്നതോടെ സിനിമഗാനങ്ങളിലെ നാടൻ വാങ്മയസഞ്ചയങ്ങളും രചയിതാക്കളുടെ തെരഞ്ഞെടുപ്പും അന്വേഷണാർഹമായതാണ്. സ്വാഭാവികമായ കൂട്ടായ്മയിൽ ഫോക്ലോർ വളർച്ച പതുക്കെയെങ്കിൽ ജനപ്രിയത കൂടുതലുള്ള സിനിമയുടെ മേഖലയിലൂടെ അത് ത്വരിതഗതിയിൽ സംവേദനക്ഷമത കൈവരിക്കുകയും ചെയ്യുന്നു.

കവിതയിൽനിന്ന് തുടങ്ങി നാടകഗാനങ്ങളിലൂടെ സിനിമാഗാനരംഗത്ത് ചുവടുറപ്പിച്ച ഗാനരചയിതാക്കളിൽ പ്രധാനിയാണ് വയലാർ രാമവർമ്മ.പി.ഭാസ്കരൻ, ഒ.എൻ.വി കുറുപ്പ്, ശ്രീകുമാരൻ തമ്പി തുടങ്ങിയവരുടെ ഗാനങ്ങളിലാണ് നാടൻ ഗ്രാമീണ ജീവിതത്തിന്റെ താളവും ലയവും ഏറ്റവും നന്നായി സന്നിവേശിപ്പിച്ചിട്ടുള്ളത്. അതേസമയം വയലാറിന്റെ ഗാനങ്ങൾ ഭാഷാപരമായ സവർണതയുടെ അടയാളങ്ങളായി പലരും എടുത്തു പറയുകയും ചെയ്തു. ഈയൊരു വിമർശനത്തെ സ്വീകരിക്കുമ്പോൾ തന്നെ അദ്ദേഹത്തിന്റെ ഗാനങ്ങളിൽ എത്രത്തോളം തന്നെ ഫോക് ലോറിക് അംശങ്ങളും ഉണ്ടെന്ന് കണ്ടെത്താൻ കഴിയും. ഈ പ്രബന്ധത്തിലൂടെ അത്തരമൊരു ദൗത്യമാണ് നിർവ്വഹിക്കുന്നത്. അതിനായി ഫോക് രൂപങ്ങളിലുൾപ്പെടുന്ന ശ്രേണികളെ വയലാറിന്റെ രചനകളിൽ നിന്നും കണ്ടെത്തി വിശകലന വിധേയമാക്കുന്നു.

**ഉത്സവാഘോഷങ്ങൾ**

മനുഷ്യന്റെ ആഘോഷപൂർണമായ കൂട്ടായ്മയുടെ അവതരണങ്ങളാണ് ഉത്സവങ്ങൾ . ഓരോ നാടിനും വ്യത്യസ്തമായ സാംസ്കാരിക ഉത്സവങ്ങൾ ഉണ്ട്. ഭൂപ്രകൃതിയ്ക്കും ജീവിതരീതിയ്ക്കും അനുസരിച്ച് സങ്കല്പങ്ങളുടെ ഭാവനാത്മകമായ ആവിഷ്കാരങ്ങളാണ് ഉത്സവാഘോഷങ്ങൾ. വയലാറിന്റെ സിനിമാഗാനങ്ങളിൽ കേരളീയ പരിസ്ഥിതിയിലുണർന്നു നിൽക്കുന്ന സാംസ്കാരിക ഉത്സവങ്ങൾ ധാരാളം കാണുന്നു. അവയിലെ പ്രധാന പ്രത്യേകത എന്തെന്നാൽ ഉത്സവത്സങ്ങളിലെ ജനകീയതയാണ്. ഉത്സവ പാട്ടുകൾ നാടോടിവിജ്ഞാനീയത്തിലെ പ്രധാനസവിശേഷത അർഹിക്കുന്ന ഒരു വിഭാഗമാണ്. സിനിമാഗാനങ്ങളിലെ ഉത്സവങ്ങളുടെ അടയാളപ്പെടുത്തലുകളും ശ്രദ്ധയാകർഷിക്കുന്നു.കൂടുതൽ കവികളും എഴുത്തുകാരും തങ്ങളുടെ രചനയിൽ കൊണ്ടാടിയ ഉത്സവാഘോഷമാണ് തിരുവാതിര. വയലാർ സിനിമാ ഗാനങ്ങളിൽ ഏറ്റവും കൂടുതൽ കാണാൻ സാധിക്കുന്ന ആഘോഷവും ‘തിരുവാതിര’യാണ്. പ്രശസ്ത സിനിമാ ഗാനമായ "തിരുനെല്ലി കാട്ടിലോ തിരുവില്വാമലയിലോതിരുവാതിര ഞാറ്റുപെണ്ണ്... ’ഉമ്പോലാർച്ച’യിലെ പൊന്നാതിര തിങ്കളുദിച്ചു.... ‘പ്രിയദർശിനി’യിലെ മംഗളാതിര പൂത്തുണർന്നു..’ സന്ധ്യാവന്ദന’ത്തിലെ തേനിലഞ്ഞി തളിരഞ്ഞി തിരുവാതിരത്താലിഞ്ഞി... കാല്പനിക ഭംഗി തുളുമ്പുന്ന പ്രകൃതിഭംഗിയും സ്ത്രീകളുടെ

ISSN No: 3049-0316


ഉത്സവഘോഷത്തിലെരംഗങ്ങളും ഗാനങ്ങളിൽ പ്രതിപാദിക്കുന്നു. തിരുവാതിര നക്ഷത്രം പോലെ കാർത്തിക നക്ഷത്രത്തിലെ ഉത്സവ പരാമർശം, തൃച്ചമ്പലത്തു കുളിച്ചു തൊഴുതു വരും തൃക്കാർത്തിക രാത്രി.., 'നീലപൊന്മാനി'ലെ കാർത്തികോത്സവ നാളും പാട്ടിൽ പരിചിതമാണ്. മലയാളിയുടെ ദേശീയ ഉത്സവമായ ഓണാഘോഷഗാനങ്ങൾ വയലാറിന്റെ സിനിമാഗാനങ്ങളിൽ സമൃദ്ധമാണ്. 'തുമ്പോലാർച്ച' യിലെ അത്തം രോഹിണിതിരുവോണം.. പാട്ടു കൂടാതെ പൂക്കളുടെ സമൃദ്ധിയെക്കുറിച്ച് ഓണത്തിന്റെ ദിനചര്യകളെ കുറിച്ചും തൃക്കാക്കരപ്പനെയും തുത്താപൂക്കളിലെ സൗന്ദര്യത്തെയും വർണിക്കുന്നു. ഓണത്തെ പോലെ തന്നെ 'സമ്മാനം' എന്ന സിനിമയിൽ വിഷു ആഘോഷത്തെ കുറിച്ച് എന്റെ കൈയിൽ പൂത്തിരി നിന്റെ കൈയിൽ പൂത്തിരി എന്നും പൊട്ടിച്ചിരിയുടെ വിഷു പുലരി... എന്നും വിഷുക്കൈനീട്ടത്തെക്കുറിച്ചും ഗാനങ്ങളിൽ പരാമർശിക്കുന്നുണ്ട്. കേരളത്തിലെ കാർഷികവൃത്തിയുമായി ബന്ധപ്പെട്ടിരിക്കുന്ന കാലാവസ്ഥയേയും ഉത്സവമായി പരിഗണിച്ചിട്ടുണ്ട്. ഞാറ്റുവേലയെക്കുറിച്ച് 'തുമ്പോലാർച്ച'യിലെ ഞാറ്റുവേല കാറ്റു കൊള്ളും ആറ്റുമായ് താഴ്വരയിൽ.. എന്ന ഗാനത്തിൽ വിശദമാക്കുന്നു. വൈദേശികർ കുരുമുളക് കൊള്ളയടിച്ചപ്പോൾ സാമൂതിരി നമ്മുടെ തിരുവാതിരയും ഞാറ്റുവേലയും അവർക്ക് കൊണ്ടുപോകാൻ ആവില്ലല്ലോ എന്ന മിത്ത് വയലാറിന്റെ ഗാനങ്ങളിലും ഉണർന്നിരിക്കുന്നു. അന്യസംസ്ഥാനവുമായി പരിചിതം കൊണ്ട്പൊങ്കൽ ഉത്സവത്തെ കുറിച്ചുള്ള ഓർമ്മ തങ്കത്തളികയിൽ പൊങ്കലുമായി വരും തൈമാസ കിളി പെണ്ണേ...എന്ന ഗാനം ഓർമിപ്പിക്കുന്നു.

ക്ഷേത്രം, കാവ് തുടങ്ങിയ പരിസ്ഥിതിയിൽ കൊണ്ടാടുന്ന ഉത്സവാഘോഷ രീതികൾ വയലാർ ചലച്ചിത്രഗാനങ്ങളിൽ ഉൾപ്പെടുത്തി. വള്ളിയൂർ കാവിലെ കന്നിയ്ക്ക് വയനാടൻ പുഴയിൽ ആറാട്ട്.., ആറാട്ടിനെ കുറിച്ചും അല്ലിമലർക്കാവിലെ ഉത്സവത്തെയും കരിമല തേവരുടെ ഉത്സവത്തെക്കുറിച്ചും പ്രശസ്തമായ ഭരണിയിൽ കൊടുങ്ങല്ലൂർ കാവിലെ ആഘോഷത്തെയും ഏഴരപ്പൊന്നാനപ്പുറത്തെഴുന്നള്ളുന്ന ഏറ്റുമാനൂരപ്പന്റെ എഴുന്നള്ളിപ്പ് ബന്ധപ്പെട്ടുതുമായ വർണ്ണനകളാൽ നിറയുന്നു. കൂടാതെ കാട്ടിലെ ഉത്സവ രീതിയായ തപ്പുകൊട്ടി നെയും കുഴലൂത്തിനെയും വെള്ളിപൂത്തരിനാള് ഗൗഡപഞ്ചമിനാള് കാട്ടിൽ തുമ്പിക്ക് ചോറൂണ് താലപ്പൊലി കിണ്ണം പൂവില്ല.., തുടങ്ങിയ ഗാനങ്ങളിൽ വയലാറിന്റെ കേരളീയ ഉത്സവാന്തരീക്ഷം പ്രകടമാണ്. ജലോത്സവമായ വള്ളംകളിയുമായ് ബന്ധപ്പെട്ട ഗാനങ്ങൾ വയലാർ രചിച്ചതും ശ്രദ്ധേയമാണ്. കൂട്ടായ്മയിൽ നിന്നുണ്ടായ കേരളീയ ഉത്സവങ്ങളിൽ നിന്നു തന്നെ, മുഖ്യധാരയിലൂന്നിയതും ശ്രദ്ധയാകർഷിച്ചതുമായ ഉത്സവങ്ങളുടെപെരുപ്പമാണ് വയലാറിന്റെ ഗാനങ്ങളിൽ കൂടുതലായും കാണുവാൻ സാധിക്കുന്നത്. ആയതിനാൽ ഇത്തരം ഉത്സാവാഘോഷക്കൾക്ക് ജനശ്രദ്ധ കൈവരുത്താനും ഗാനങ്ങളിലൂടെ സാധിച്ചു. വയലാറിനു ശേഷമുള്ള സിനിമഗാന രചയിതാക്കളും ഇതേ പാരമ്പര്യം പിൻതുടരുന്നവരാണ്.

### നാടോടി ദൈവങ്ങൾ

നാടോടി ദൈവങ്ങളെ കുറിച്ചുള്ള മിത്തുകൾ അധികവും ഗാനപാരമ്പര്യത്തിലൂടെയുള്ള ദൈവ ചരിതങ്ങൾ ആണ്. കഥാഗാനത്തിലൂടെയും നടനത്തിലൂടെയും ആവിഷ്കരിക്കുന്ന നാടോടി ദൈവങ്ങളെ കുറിച്ച് വയലാർ രചിച്ചിരിക്കുന്നു. പ്രധാനമായും യക്ഷി ,ഗന്ധർവൻ, സർപ്പം, മാരിയമ്മ, കടലമ്മ,കരിങ്കുട്ടി ദൈവത്താർ, കൊടുങ്ങല്ലൂരമ്മ എന്നീ നാടൻ ദൈവങ്ങളെ അടിസ്ഥാനപ്പെടുത്തി പാട്ടുകൾ ഉണ്ട്. മനുഷ്യനെ ഭയപ്പെടുത്തുന്നവരെ ദൈവമായിക്കണ്ട് ആരാധിക്കുന്ന രീതിയാണ് നാടൻ ദൈവപാരമ്പര്യവും പിന്തുടരുന്നത്. 'പാവം പെണ്ണുങ്ങൾ' എന്ന സിനിമയിൽ ആലുണ്ടലയുണ്ടെലഞ്ഞിയുണ്ട് ആയില്യത്തേഴിലം പാലയുണ്ട് നൂറുംപാലും കുടിച്ചാട്ടു പാമ്പേ.., അല കടലിൽ നിന്നൊരു നാഗരാജാവ്.. തുടങ്ങുന്ന സിനിമ പാട്ട് നാഗദൈവങ്ങളെ കേന്ദ്രീകരിച്ചുള്ള ആരാധനാ ഗാനമാണ്. സർപ്പമായി ബന്ധപ്പെട്ട അനേകം കൽപ്പനകൾ ഗാനരചനയിൽ കടന്നുവന്നിരിക്കുന്നു. ഭൂലോക സ്വപ്നങ്ങൾക്കിടയിൽ സഞ്ചരിക്കുന്നവരാണ് ഗന്ധർവ്വവാദികൾ ശരീരത്തിൽ ഇവർ ബാധിക്കുമെന്നാണ് വിശ്വാസം അതുപോലെതന്നെ യക്ഷിയും ബാധിക്കുമെന്ന മറ്റൊരു വിശ്വാസവുമുണ്ട്. ആയതിനാൽ യക്ഷികളെയും മറ്റും പൂജിക്കുന്ന സമ്പ്രദായങ്ങൾ കേരളത്തിലുണ്ട്.

'ആലിബാബയും 41 കള്ളന്മാരും' എന്ന സിനിമയിൽ യക്ഷി ഞാനൊരു യക്ഷി.., എന്ന പാട്ടും യക്ഷിയമ്പലമടച്ചു... എന്ന് തുടങ്ങുന്ന പാട്ട് 'ഗന്ധർവക്ഷേത്രം' എന്ന സിനിമയിലേതുമാണ്. ഈ പാട്ടിൽ നാട്ടിൽ പ്രചരിക്കുന്ന യക്ഷിക്കഥകളെ പകർത്തുകയാണ് വയലാർ ചെയ്തിരിക്കുന്നത്. ഗന്ധർവ്വ നഗരങ്ങൾ അലങ്കരിക്കാൻ പോകും ഇന്ദു കലേ.., 'നഖങ്ങൾ' എന്ന സിനിമയിലെ പാട്ടാണിത്. വസൂരി രോഗവുമായി ബന്ധപ്പെട്ട ആരാധിക്കുന്ന മാരിയമ്മ കൊടുങ്ങല്ലൂരമ്മ തുടങ്ങിയവരെ കുറിച്ച് 'കന്യാകുമാരി' സിനിമയിൽ മുത്തോട് മുത്ത് വാരി ള്കുമമ്മ.. കൊടുങ്ങല്ലൂർ ദേവി സ്തുതി പോലുള്ള ഗാനവും വയലാർ രചിച്ചു. 'ചെമ്മീൻ' സിനിമയിലെ പാട്ടുകളിൽ കടലമ്മയെ ആരാധിക്കുന്ന ഗാനങ്ങളും കാണുന്നു. അതു പോലെ വീരന്മാരെ

 ISSN No: 3049-0316


ആരാധിക്കുന്ന സമ്പ്രദായവും കേരളത്തിലുണ്ട്. തച്ചോളി ഒതേനനെ വാഴ്ത്തമായി ബന്ധപ്പെട്ട വീരത്വം നിറഞ്ഞ പാട്ടു രചിച്ചു. നാടോടി ദൈവങ്ങളുടെ അന്തഃസത്ത മനസിലാക്കിയിട്ടാണോ വയലാർ ഇവരെ പ്രതിപാദിക്കുന്ന വരികൾ രചിച്ചത് എന്നുള്ള ചോദ്യം സംശയം സൃഷ്ടിക്കുന്നുണ്ട്. ശക്തമായ പ്രതിരോധ പാരമ്പര്യത്തിന്റെ ചരിത്രം നാടൻ ദൈവ സങ്കല്പങ്ങളിൽ വാമൊഴി ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. സിനിമ ഗാനങ്ങളിൽ അത്തരം പരിചയപ്പെടുത്തൽ കുറയുന്നത് മൂലം അവയ്ക്ക് മങ്ങലേൽക്കുകയും തീവ്രത കുറയുകയും ചെയ്യുന്നു.

## നാടൻ വിനോദങ്ങൾ /പാട്ട് -കലാരൂപങ്ങൾ

ജനജീവിതവുമായി ബന്ധപ്പെട്ടവയാണ് വിനോദങ്ങളും പാട്ടുകളും കലാരൂപങ്ങളും. ഇവയെ സംബന്ധിച്ച അന്വേഷണങ്ങൾ ഫോക് ലോർ പഠനത്തിന്റെ മുഖമുദ്രയാണ്. സിനിമയിൽ നാടൻകളികളും പാട്ടുകളും കലാരൂപങ്ങളും ദൃശ്യ പൊലിമ സൃഷ്ടിക്കുമ്പോൾ ഗാനങ്ങളും അവയുടെ പരിഗണനയ്ക്ക് വിധേയമാകുന്നു. വ്യത്യസ്ത നാടൻ സംസ്കാരം പങ്കുകൊള്ളുന്ന സമൂഹമാണ് പാട്ടുകൾ സ്വീകരിക്കുക. നാടിനനുസരിച്ച് കലാരൂപങ്ങളിലും കളികളിലും വ്യത്യാസം കടന്നു വരുന്നുണ്ടെങ്കിലും സിനിമാഗാനങ്ങളിൽ പ്രത്യക്ഷപ്പെടുന്നതോടുകൂടി പൊതുജനം അവയെ ഒരുപോലെ സ്വീകരിക്കുന്നതായി കാണാൻ സാധിക്കും. 'പോസ്റ്റുമാനെ കാണാനില്ല ' ചിത്രത്തിൽ വയ് രാജാവേ വയ് വച്ചോ വച്ചോ ഒന്ന് വെച്ചാൽ രണ്ട് വെച്ചാൽ നാല് എന്ന പാട്ടും 'മുച്ചീട്ടുകളിക്കാരന്റെ മകൾ' എന്ന സിനിമയിൽ മുച്ചീട്ടു കളിക്കണ മിഴിയാണ്.. തുടങ്ങുന്ന പാട്ടുകളിലെ വിനോദവും ഇവ രണ്ടും അന്യം നിന്നുകൊണ്ടിരിക്കുന്ന പ്രാചീന വിനോദമാണ് നിയമവിലക്കുകളും ഇവ നേരിടുന്നു. തുമ്പീ തുമ്പീ വാ വാ, ഊഞ്ഞാൽ ഊഞ്ഞാലൂഞ്ഞാല് ഊഞ്ഞാല്.. എന്നീ പാട്ടുകളിൽ കുട്ടികളുടെ പഴയ തലമുറയുടെ വിനോദവേളകൾ കാണാം. പ്രത്യേക വർഗ്ഗങ്ങളുടെ സവിശേഷതയാർന്ന നാടൻ കലാരൂപങ്ങളെ കുറിച്ചും പാട്ടുകളിൽ സൂചന നൽകുന്നു. 'കടലമ്മ'യിൽ കുമ്മിയടിക്കുവിൻ കുമ്മിയടിക്കുവിൻ തോഴിമാരേ.., പുള്ളുവർപാട്ടും നാടിത്..കേരളത്തിലെ സ്ത്രീകളുടെ മാത്രം വിനോദമായി കണ്ടിരുന്ന തിരുവാതിരകളിയെ 'പ്രിയദർശിനി'യിൽ തിരുവാതിരക്കളി പന്തലിൽ ഞാൻ നിന്റെ പ്രിയതോഴിമാരെ കണ്ടു..പാട്ടിൽ അടയാളപ്പെടുത്തുന്നു. അതുപോലെ ക്ലാസിക്കൽ കഥകളിയുടെ ആവിഷ്ക്കാരവും പാട്ടിലുണ്ട്. നാടൻ വിനോദങ്ങളിൽ മുഴുകി ആസ്വദിച്ച ജനതയെ മാത്രമാണ് വയലാറിന്റെ ഗാനങ്ങളിൽ കാണുന്നത്. പാരമ്പര്യമായി വിനോദം തുടർന്നു വരുന്നതിനുള്ള വിമർശന സ്വഭാവം കാണാൻ സാധിക്കില്ല.

ഗ്രാമീണ സംസ്കാരത്തിന്റെ തനിമ കലർന്ന ജനകീയ ഗാനങ്ങൾ, വാമൊഴിയായി തലമുറകളിലൂടെ പകരുന്ന നാടൻപാട്ടുകൾ, അധ്വാനത്തിന്റെ ലഘൂകരണത്തിനായി ജീവിതസംസ്കാരങ്ങൾക്കിടയിലൂടെ പാടിയ നാടൻപാട്ടുകൾ നാടൻ ജീവിതത്തെ പ്രതിനിധാനം ചെയ്യുന്നു. ഇത്തരം നാടൻ പാട്ടുകൾ സിനിമ ഗാനങ്ങളും സൃഷ്ടിക്കപ്പെടുമ്പോൾ അന്യം നിന്ന സംഘബോധത്തെ അനുസ്മരിപ്പിക്കുന്നു. വയലാറിന്റെ സിനിമാഗാനങ്ങളിൽ നാടൻ പാട്ടിന്റെ അംശങ്ങൾ പ്രത്യേകിച്ചും വായ്ത്താരികൾ ആവിഷ്കരിച്ചു വച്ചുകൊണ്ടുള്ള പാട്ടിന്റെ ക്രമീകരണം കാണാൻ സാധിക്കും. സംഗീതാത്മകതയും ലാളിത്യവുമാണ് ഫോക് ലോർ ഘടകങ്ങളായി നാടൻപാട്ടുകളിൽ നിന്ന് സിനിമാഗാനങ്ങളിൽ കാണാൻ സാധിക്കുന്നത്. പ്രത്യേകിച്ചും ആദ്യകാല നാടക ഗാനങ്ങളിലും ഇവ കാണാൻ സാധിക്കുന്നത് പോലെ സിനിമ പാട്ടുകളിലും ഈ അംശം കലർന്നിരിക്കുന്നു. നാടൻ ഗ്രാമീണ ജീവിതത്തെ ആവിഷ്കരിക്കുന്ന ലളിതവും സുന്ദരവും സംഗീതാത്മകമായ ഗാനങ്ങളാണ് സിനിമപാട്ടുകൾ. നാടൻ പാട്ടിന്റെ ശൈലി വായ്ത്താരിയുള്ളമായുള്ള സാമ്യം ഒത്തുചേർന്നു പാടുന്നതിന കൂട്ടായ സ്വഭാവം എന്നിവ സിനിമാഗാനങ്ങളിൽ പകർത്തി വെച്ചിരിക്കുന്നു. 'നെല്ലി'ലെ ഹോയ് ഹോയിരെ തപ്പോ തപ്പോ തുടി തപ്പാണിചെപ്പോ ചെമ്മോ ചെപ്പാണി. 'നീലപൊന്മാനി'ലെ തെയ്യം തെയ്യം താരോ തൈ തൈതോം തെയ്താരേ, 'അനാവരണ'ത്തിൽ തീം തിന തിം തിം തിന തിന തീം വേടൻ, 'കടലമ്മ' യിലെ ഏലോം ഏലോ ലോ, ചെമ്മീനിലെ പെണ്ണാളേ പെണ്ണാളേ തന്തന തന്തന തന്നാരേ തുടങ്ങിയ പാട്ടുകൾ വായ്ത്താരികൾക്ക് പ്രാധാന്യം കൊടുത്തിരിക്കുന്നു. അതുപോലെതന്നെ നാടൻകൂട്ടുജീവിതത്തെയും തൊഴിലിടങ്ങളിലെ സംസ്കാരത്തെയും ഇവ പ്രതിനിധാനം ചെയ്യുന്നു. നാടൻ പാട്ടിനെ വിഭജിക്കുന്നതിന പ്രധാനമായുള്ള വിഭജനമാണ് വടക്കൻപാട്ടുകൾ. ഇവയുടെ പ്രാധാന്യം വയലാറും തന്റെ ഗാനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വീര ഇതിഹാസ പുരാവൃത്തങ്ങൾ സൃഷ്ടിച്ചു കൊണ്ടുള്ള സിനിമ യുടെ ഭാഗമായി വീര സാഹിത്യ പ്രധാനമായ പാട്ടുകൾ വയലാർ രാമവർമ്മ രചിച്ചു വടക്കൻ പാട്ടിന്റെ ഈണത്തോടുകൂടിയ അവതരണം വടക്കൻ പാട്ടിലെ കഥാഖ്യാനങ്ങൾ അതുപോലെ തന്നെ പാട്ടിൽ പകർത്തികൊണ്ട് ആത്മാംശം നിലനിർത്തി. ആരോമലുണ്ണി, അങ്കത്തട്ട്, പാലാട്ടുകോമൻ, അങ്കചേകവർ, തച്ചോളി ഒതേനൻ തുടങ്ങിയ ചിത്രങ്ങളിലെ പാട്ടുകൾ എഴുതുകയും എങ്ങനെയാണ് വടക്കൻ പാട്ടുകൾ പ്രാധാന്യം സമൂഹം നൽകിയത് അതേ തന്മയത്വത്തോടെ സിനിമാഗാനങ്ങളിൽ പകർത്തി

വെക്കുകയും ആസ്വാദകർ ഏറ്റുപാടുകയും ചെയ്തു. ആടാം പാടാം ആരോമൽ ചേകവർ പണ്ട് അങ്കം വെട്ടിയ കഥകൾ, പുത്തൂരം വീട്ടിൽ ജനിച്ചോരെല്ലാം പൂപോൽ അഴകുള്ളവരായിരുന്നു, നാടൻ കഥാഗാനങ്ങളുടെ കൂട്ടത്തിൽ ഇവയെ ഉൾപ്പെടുത്തുന്നു. എന്നാൽ ഈ പാട്ടുകളിലെ നാടൻ ഭാഷ, പ്രയോഗങ്ങൾ, ശൈലികൾ എന്നിവ നാടൻ പാട്ടിനോട് സാമ്യമുള്ളതല്ല.

## ആചാരാനുഷ്ഠാനങ്ങൾ/ നാടൻ വിശ്വാസങ്ങൾ

വിശ്വാസങ്ങളാലും ആചാരങ്ങളാലും നിർമിതമാണ് സമൂഹം, എന്നാൽ സമൂഹമാണ് ഇത് നിർമ്മിച്ചതെന്ന് സത്യം മനുഷ്യർ മറന്നുപോകുന്നു. മാർക്സിയൻ സാമൂഹ്യ സങ്കൽപ്പത്തിൽ മേല്പുരയ്ക്കകത്താണ് പ്രത്യയശാസ്ത്ര സംബന്ധിയായ ജാതി വിശ്വാസ ആചാര അനുഷ്ഠാനങ്ങൾ കടന്നു വരുന്നത്. 'ഓരോ ജനസമൂഹത്തെയും സംസ്കാര സ്വഭാവം വ്യക്തമാക്കുന്ന മുഖ്യ ഘടകങ്ങളിലൊന്നാണ് വിശ്വാസങ്ങൾ' (എസ് കെ വസന്തൻ, 2005: 4987).പ്രത്യേകം ഒരു ആരാധനമൂർത്തിയെ സ്തുതിച്ചുകൊണ്ടുള്ള ഗാനങ്ങൾ വയലാർ ധാരാളം എഴുതി ആദിപരാശക്തി, ഗുരുവായൂരമ്പലനടയിൽ, സ്വാമി അയ്യപ്പനിലെ പാട്ടുകൾ എന്നിവ ഉദാഹരണങ്ങളാണ്. നിത്യ ജീവിത സാഹചര്യവുമായി ബന്ധപ്പെട്ട വിശ്വാസ സംഹിതകളും ചില ഗാനങ്ങളിൽ സൂക്ഷ്മമായി നോക്കുമ്പോൾ ധാരാളം കാണുന്നു. മുസ്ലിം വിഭാഗം പരിപാവനമായ പുണ്യ യാത്രയായി കരുതുന്ന മക്കത്ത് പോകലിനെക്കുറിച്ച് 'ഏഴ് രാത്രികളിൽ' യാത്രയിലെ പുണ്യത്തെ കുറിച്ച് പറയുന്നു. ശരീരത്തിനെയും മനസ്സിനെയും പാകപ്പെടുത്തി ആഗ്രഹങ്ങൾക്കായി നോക്കുന്ന വിശ്വാസത്തിൽ ഊന്നിയ ആചാരമാണ് വ്രത ദീക്ഷ. ചുവന്നസന്ധ്യകളിൽ വ്രതം കൊണ്ട് മെലിഞ്ഞൊരു ഷഷ്ഠി നിലാവിന വെറുതെ ആകുമോ മോഹം... എന്ന് ചോദിക്കുന്നു കവി. ജന്മ മരണ സത്യങ്ങൾക്കപ്പുറമുള്ള ജീവിതം സങ്കൽപ്പിച്ചു കണ്ടെത്തിയ പുനർജന്മ വിശ്വാസം 'ദേവി'യിൽ പുനർജന്മം ഇത് പുനർജന്മം പോകുലായ വേദാന്തമേ..എന്നും വിവാഹവുമായി ബന്ധപ്പെട്ട് ആചാരങ്ങളിലെ മുസ്ലിം വിഭാഗത്തിലെ മണിയറ ഒരുക്കങ്ങൾ പ്രത്യേകതകൾ പാട്ടിൽ കാണുന്നു. പക്ഷി ശാസ്ത്രത്തിലും കൈ നോട്ടത്തിലും ഭാവിയുടെ പ്രവചനങ്ങൾ വാർന്നുവീഴുന്ന വിശ്വാസം തലമുറകളായി പിന്തുടരുന്ന ഒരു ജനത സമൂഹത്തിലുണ്ട്. 'റൗഡി 'ചിത്രത്തിൽ പക്ഷിശാസ്ത്രക്കാരൻ പഠിക്കൽ എത്തിനില്ക്കു ഭാവി പ്രവചനത്തിന്.. ആവശ്യപ്പെടലിന്റെ വരികൾ. 'സ്ഥാനാർഥി സാറാമ്മ ' യിൽ കാവേരി തീരത്തുനിന്ന് ഒരു കൈനോട്ടക്കാരി... ഇവയെല്ലാം പരിചയമുള്ള വിശ്വാസത്തിലൂന്നിയവരാണ് പാട്ടിന്റെ ശ്രോതാക്കൾ.'ഉമ്പോലാർച്ച' യിലെ നമ്പൂതിരി മനയ്ക്കലും പാണന്റെ പഠിക്കലും നാളു നോക്കണം... എന്ന ശാസനം വ്യക്തമാക്കുന്ന വരികൾ. 'ചുക്കിൽ' സംക്രമ വിഷുപക്ഷി പഞ്ചാംഗങ്ങൾ മാറ്റി നീയെത്രു.. തുടങ്ങുന്ന പാട്ടിൽ പഞ്ചാംഗ പ്രാധാന്യത്തെക്കുറിച്ചുള്ള വിശ്വാസം അടയാളപ്പെടുത്തുന്നു. 'താമരത്തോണി'യിൽ തുടിക്കുന്ന ഇടതുകണ്ണിന സഖീ തുളസി പോലുള്ള ഇള വലത്തു കണ്ണോ...വരികളിൽ സ്ത്രീകൾക്ക് ഇടത് കണ്ണ് ചലിക്കുന്നത് നല്ല ലക്ഷണമായി കരുതുന്ന നാടൻ സമൂഹത്തിന്റെ വിശ്വാസത്തെ അടയാളപ്പെടുത്തുന്നു. കുറും ആട്ടി നാൾ ഓല കുറും ആട്ടി മാർ ഏഴരശ്ശനി മാറാൻ ഏലസ്സും ചരടും കൊണ്ട് തരാം..ഉപാസന ഉപാസന..... സരസ്വതി യാമം കഴിഞ്ഞു... തുടങ്ങിയ പാട്ടുകളിൽ വിശ്വാസാധിഷ്ഠിത ആചാരങ്ങളെ കണ്ടെടുക്കാം. സ്വർണ്ണതാമര ഇതളിലുറങ്ങും.. എന്ന് കവി കാൽപനികമായ ചായയിലൂടെ വർണ്ണിക്കുമ്പോൾ താമരയിൽ വസിക്കുന്ന ദേവിസങ്കൽപ്പത്തിന്റെ വിശ്വാസം കൂട്ടുപിടിക്കുകയാണ്.

ആദ്യകാലത്തെ ചരിത്രങ്ങളിൽ നിന്ന് നിഷേധിച്ച അനാചാരങ്ങളെയും വയലാർ കവിതകളിൽ കാണാം. മനയ്ക്കലെ തത്തേ മറക്കുട തത്തേ.., 'ആദ്യ പ്രണയകഥ'യിൽ ഓട്ടു വളയെടുക്കാൻ മറന്നു ഞാൻ ഓലക്കുട എടുക്കാൻ മറന്നു ഞാൻ..',അനാവരണ'ത്തിലെ മുളം പൂമൊട്ടു കൊണ്ട് മങ്കമാരെ അമ്പ് എറിയും കാനന വേടൻ... തുടങ്ങുന്ന പാട്ടുകൾ പുലപ്പേടി യെ കുറിച്ചും മറക്കുടയും ഓട്ടു വളയും ഇട്ട് സ്ത്രീകൾ അനുഭവിച്ച അനാചാരങ്ങളുടെ ചരിത്രവും വ്യക്തമാക്കുന്നു. ആചാരങ്ങളും അനുഷ്ഠാനങ്ങളും പ്രത്യക്ഷത്തിൽ പാട്ടിലൂടെ പ്രകാശനം ചെയ്യുകയല്ല. പകരം കവി കാല്പനിക പരിവേഷങ്ങൾ നൽകിക്കൊണ്ട് അവയെ നിർമ്മിച്ചിരിക്കുന്നു. ഈ സങ്കേതങ്ങളെല്ലാം ആചാര വിശ്വാസങ്ങളായി നിർമ്മിച്ചെടുത്ത സമൂഹത്തിന്റെ അധികാരങ്ങളുടെ വിജ്ഞാനങ്ങളാണെന്ന സത്യം തിരിച്ചറിയുന്നില്ല.

## ഇതിഹാസ/ പുരാണ കഥാഖ്യാനങ്ങൾ

പുരാണങ്ങളും ഇതിഹാസങ്ങളും നാടൻ പാരമ്പര്യത്തിന്റെ ഭാഗമാണ് കാലാനുസൃതമായി കൃതികൾ എന്ന് വാഴ്ത്തപ്പെടുംപോലെ നിരന്തരം വ്യാഖ്യാനങ്ങൾക്കും അവ വിധേയമാകുന്നു. അതിനാൽ കഥയും കഥാപാത്രങ്ങളും മാറി വരുന്നു. സിനിമാ പാട്ടുകളിലൂടെ കവികൾ അവയെ പല രീതിയിൽ ആവിഷ്കരിച്ചിട്ടുണ്ട്. മതപരമായതും വിശ്വാസനിഷ്ഠമായ ബന്ധം പുലർത്തുന്നതുമായ ഇതിഹാസങ്ങൾക്കൊപ്പം തന്നെ മഹത്തരമായ

 ISSN No: 3049-0316 

മറ്റ് സർഗ്ഗാത്മക രചനകളും ഉൾപ്പെടുന്നുണ്ട്. ഇതിഹാസപുരാണങ്ങളുടെ ഏതെങ്കിലുമൊരു പ്രത്യേകത പോലും എടുത്തുകൊണ്ട് കവികൾ പാട്ട് നിർമ്മിക്കുന്നു. പൊതുസമൂഹത്തിന് ഇവ പരിചിതമാണ് എന്ന് തന്നെയാണ് ഇവ തിരഞ്ഞെടുക്കാനുള്ള കാരണമായി കരുതുന്നത്. വിശ്വോത്തരമായ കാവ്യനാടകകഥകളുടെ പ്രമേയങ്ങളും കഥാപാത്രങ്ങളും പോലെതന്നെ പുരാണ ഇതിഹാസ കഥാപാത്രങ്ങളെ കടന്നുവരുന്ന ഒരുപക്ഷേ സിനിമാ ഗാനങ്ങളിലൂടെ അവയുടെ പ്രചരണം സാധ്യമാക്കുകയാണ് വയലാർ രാമവർമ്മ. 'സോഫിയ' ചിത്രത്തിൽ ആദം ഹവ്വ കഥ ആര് ആരെ ആദ്യമായി കീഴടക്കി...എന്ന് ചോദിക്കുന്നു. 'നൈറ്റ് ഡ്യൂട്ടി'യിൽ വില്വമംഗലം കണ്ടു വൃന്ദാവന കണ്ടു... കൃഷ്ണനുമായി ബന്ധപ്പെട്ട പുരാണകഥകൾ ഓർമിപ്പിക്കുന്നു. 'ഇമ്പോലാർച്ച ' യിലെ കർണ്ണനെ ഒഴുക്കിയ കുന്തീദേവി...തുടങ്ങുന്ന പാട്ട്, ഇഷ്ടപ്രാണേശ്വരി ഏദൻതോട്ടം എനിക്കുവേണ്ടി.. എന്ന പാടുന്ന പോലുള്ള ഇതിഹാസങ്ങളിൽ പരിചിതമായ ഏദന്തോട്ടം സിനിമാഗാനങ്ങളിലും പ്രത്യക്ഷപ്പെടുകയാണ്. ഭഗവാനൊരു കുറവനായി ശ്രീ പാർവ്വതി കുറത്തിയായി...ഐതിഹ്യകഥകൾ അനുസ്മരിപ്പിക്കുന്ന പാട്ടാണിത്. ഇതിഹാസ കഥകളിൽ പ്രസിദ്ധമായ ശാകുന്തളം കേന്ദ്രീകരിച്ച് കാവ്യത്തിലെ കഥാപാത്രമായ ശകുന്തളയെ കുറിച്ചുള്ള ധാരാളം പ്രശസ്തമായ പാട്ടുകൾ വയലാർ എഴുതി. ശംഖുപുഷ്പം കണ്ണെഴുതുമ്പോൾ ശകുന്തളേ നിന്നെ ഓർമ്മ വരും.... ഉദാഹരണമാണ്. രാമൻ, സീത തുടങ്ങിയ കഥാപാത്രങ്ങൾ സമൃദ്ധമാണ് വയലാറിന്റെ ഗാനങ്ങളിൽ. രാമൻ ഉപേക്ഷിച്ച സീത രാമായണത്തിലെ സീത... സിനിമയിലെ രംഗങ്ങൾക്ക് അനുസ്യതമായി പാട്ട് എഴുതുമ്പോഴും ഇതിഹാസ നായികമാരെയും നായകന്മാരെയും അവരുടെ കഥാഖ്യാനങ്ങളിലേക്കും സന്ദർഭങ്ങളിലൂടെയും വയലാർ കടന്നുപോകുന്നു. പുരാണ ഇതിഹാസാഖ്യാനങ്ങളുടെ ജനപ്രിയമായ ആരോപണമാണ് വയലാർ സിനിമ ഗാനങ്ങൾ വഴി സമൂഹത്തിൽ പതിപ്പിച്ചത്. അപരിചിതമായവയെ പരിചിതമാക്കി തീർക്കാൻ ആസ്വാദകർക്ക് കഴിഞ്ഞു അതിനായ് നിർബന്ധിപ്പിച്ച എന്നു കണ്ടെത്താം.

### ഭൂപ്രകൃതി / നദി അറിവ്

കേരളത്തിന്റെ ഭൂപ്രകൃതി വയലാർ കവിതകളിൽ, ഗാനങ്ങളിൽ സമഗ്രമായി സന്നിവേശിപ്പിച്ചിരിക്കുന്നു. കേരളീയ ഭംഗി ചിത്രീകരണങ്ങൾ സിനിമാഗാനങ്ങളിൽ ധാരാളമുണ്ട്. 'മാനിഷാദ 'ചിത്രത്തിൽ പർവ്വത നന്ദിനി നീ താമസിക്കും പച്ചില മാളിക ഞാൻ കണ്ടു പകൽ പശുക്കളെ ഇറങ്ങും പാടം ഞാൻ കണ്ടു.. 1970 കളിലെ കേരളീയ പരിസ്ഥിതിയെക്കുറിച്ച് കവി വർണിക്കുകയാണ്. മലയേയും കാടിനെയും നദികളെയും വർണ്ണിക്കുന്ന വയലാറിന്റെ ഗാനങ്ങൾ പ്രശസ്തമാണ്. പരിസ്ഥിതി വെല്ലുവിളി നേരിടുന്ന കേരളീയ അന്തരീക്ഷത്തിൽ ഈ ഗാനങ്ങൾ സമ്പന്നതയുടെ ചിത്രീകരണമാണ്. 'കാട്ടു തുളസി'യിൽ ഗംഗാ യമുനാ സംഗമ സമതല ഭൂമി സ്വർഗ്ഗീയ സുന്ദര ഭൂമി.. ഭൂപ്രകൃതികളിൽ നദിയാണ് കൂടുതലും വയലാർ തന്റെ ഗാനങ്ങളിൽ ആവിഷ്കരിച്ചിരിക്കുന്നത് ഗാനങ്ങൾ പരിശോധിക്കുമ്പോൾ കണ്ടെത്തുന്നു. 44 നദികൾ സമ്പുഷ്ടമായ കേരളം അത് ഒഴുകുന്ന മനോഹാരിത വർണ്ണിക്കുന്ന ഗാനങ്ങൾ അദ്ദേഹം എഴുതി. നദികളെ കുറിച്ചുള്ള അറിവുകൾ നാടിന്റെ അറിവുകൾ തന്നെയാണ്. 'ആദ്യത്തെ കഥ' എന്ന സിനിമയിൽ ആയിരം പാദസരങ്ങൾ കിലുങ്ങി ആലുവാപ്പുഴ പിന്നെയുമൊഴുകി... ഇവിടെ പാദസരം ശബ്ദം നദിയുടെ ഒഴുക്കിന്റെ ശബ്ദമാണ്. കേരളത്തിലെ ഏറ്റവും നീളം കൂടിയ നദിയായ പെരിയാറിന്റെ ഉത്ഭവത്തെക്കുറിച്ച് പെരിയാറേ പെരിയാറേ പർവതനിരയുടെ പനിനീരേ.. നദികളിൽ സുന്ദരി യമുനയെ കുറിച്ച് നദികളിൽ സുന്ദരി യമുനാ...എന്നും  നദിയുടെ സൗന്ദര്യം തുറന്ന് ആസ്വദിച്ച പകർത്തിയ വയലാർ റൊമാന്റിക് പ്രവണതയായപരിസ്ഥിതിയുടെ ഘടകങ്ങൾ സിനിമാഗാനങ്ങളിൽ പകർത്തി വെച്ചു. നദികൾക്ക് വയലാർ നൽകിയ രൂപങ്ങൾ കൽപ്പനകൾ എന്നിവ വൈവിധ്യം പുലർത്തുന്നു. നദികൾക്ക് കൽപ്പനകൾ ചാർത്തി ജീവൻ നൽകുകയാണ് അദ്ദേഹം ചെയ്തത്. 'കനകച്ചിലങ്ക'യിൽ അമരാവതിയിൽ അരമന പടവിൽ അപര സുന്ദരി.., ദേവികുളം മലയിൽ തേനരുവി കരയിൽ.., പല്ലനയാറ്റിൻ തീരത്ത്.., പേരാറ്റിൻകരയിൽ ഒരു തീർത്ഥയാത്ര.., ഗംഗയാറൊഴുകുന്ന നാട്ടിൽ നിന്നൊരു ഗന്ധർവ്വൻ..,. 'ഭൂമിദേവി പുഷ്പിണിയായി' എന്ന സിനിമയിലെ നദികൾ നദികൾ നിത്യ നർത്തകികൾ.., കാലടി പുഴയുടെ തീരത്തു നിന്ന്.., പൂന്തേനരുവീ പൊന്മുടി പുഴയുടെ അനുജത്തി.., യമുനേ നീ ഒഴുകു യാമിനി തുലാവർഷ മോഹിനി.. എന്ന 'തുലാവർഷ' സിനിമയിലെ പാട്ടും പ്രശസ്തമായതാണ്. കേരളത്തിലെ ഒരുവിധംനദികളെക്കുറിച്ച് പ്രതിപാദിക്കുന്ന ഗാനങ്ങൾ വയലാർ രചിച്ചു. സിനിമ പാട്ടുകളിലെ പ്രകൃതി ഭംഗി തുളുമ്പുന്ന വരികൾ അധികവും വയലാറിന്റേതായി.

### കാർഷിക ജീവിതം

മനുഷ്യന്റെ സംസ്കാരം കെട്ടി പണിതതിനുമുന്നിൽ അവരുടെ അധ്വാന രൂപങ്ങളുണ്ട്. ഉൽപാദന ബന്ധത്തിന്റെ അടിത്തറ അധ്വാനമാണ്. കൃഷി പ്രധാനതൊഴിലായി സ്വീകരിച്ച കൂട്ടായ ജനതയെയാണ് സാംസ്കാരിക അന്തരീക്ഷത്തെ സിനിമാഗാനങ്ങളിൽ പഴയ നാടൻപാട്ടുകളിൽ കാണാൻ കഴിയുന്നവിധത്തിൽ

ചിത്രീകരിച്ചിരിക്കുന്നു. കാർഷിക സംസ്കാരത്തിന്റെ രംഗത്ത് മാറ്റങ്ങൾ സംഭവിച്ചു കൊണ്ടിരിക്കുകയാണ് കാർഷികസംസ്കാരം നഷ്ടപ്പെട്ട മലയാളിക്ക് അവ സൂക്ഷിച്ചുവെക്കുന്ന തരത്തിലുള്ള കടമകൾ സിനിമപാട്ടുകൾക്ക് വന്നുചേർന്നിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ഭാവിതലമുറയ്ക്ക് പകരാനുള്ള ഒരുപിടി കാർഷിക ഗാനങ്ങൾ വയലാർ രാമവർമ്മ സമ്മാനിച്ചിട്ടുണ്ട്. 'പുന്നപ്രവയലാർ 'സിനിമയിൽ കന്നിയിലും കതിരുകാണാക്കിളി കോലോത്തും പാടത്ത് കൊയ്യാൻ പോയി കൊയ്ത്തു വേലയും കണ്ടു മയങ്ങുമ്പോൾ അവിടുന്നും കിട്ടി ഇവിടുന്നും കിട്ടി ആഴക്കു മൂഴക്ക് പുഞ്ച നെല്ല്.., കദളീവനങ്ങൾക്കരികിലല്ലോ കടത്തനാടൻ കളരി.., കദളി ചെങ്കദളി.. പാട്ടുകൾ കാർഷിക വിഭവത്തെ സൂചിപ്പിക്കുന്നു. 'ശബരിമല' എന്ന സിനിമയിൽ ഞാറ്റുവേലയ്ക്കു ഞാൻ നട്ട പിച്ചകത്തെക്കുറിച്ച് കവി വരികൾ എഴുതുമ്പോൾ ഞാറ്റുവേലയുടെ കൃഷിയുമായി ബന്ധപ്പെട്ട പ്രാധാന്യം വ്യക്തമാക്കുന്നു. 'പുത്തൻവീട്ടിൽ 'സിനിമയിൽ നീല വയലിനു പുത്തിരുനാൾ ഇന്ന് നിറപുത്തരി നാൾ... പുത്തൻ കലപ്പ കൊണ്ട് ഉഴുതിട്ട കൃഷിരീതികളെ കുറിച്ച് വ്യാഖ്യാനിക്കുന്നു. മലയാളിയുടെ കാർഷിക ജ്ഞാനത്തെ കുറിച്ചുള്ള അറിവുകൾ പകർന്നു തരുന്ന രീതിയിലുള്ള ഗാനങ്ങൾ വയലാർ രാമവർമ്മയുടെ സിനിമാ ഗാനങ്ങളിൽ സസൂക്ഷ്മം ശ്രദ്ധിക്കുമ്പോൾ ശ്രദ്ധയിൽപ്പെടുന്നു. എന്നാൽ കൃഷിയ്ക്ക് അടിസ്ഥാനമായ അധ്വാനത്തിന്റെ വിയർപ്പിന്റെ കാഠിന്യത്തിന്റെ പകർത്തൽ സിനിമ ഗാനങ്ങളിൽ അദൃശ്യമാണ്. പകരം ആസ്വാദനതലത്തിന്റെ ഉത്സവ പ്രതീതിയുടെ ആഘോഷമാക്കിമാറ്റലിന്റെ സമൃദ്ധിയുടെ ജീവിതമായാണ് കാർഷികജീവിതം പ്രതിപാദിക്കുന്നത്.

## ഉപസംഹാരം

സിനിമയുടെ കഥാസന്ദർഭം ആവശ്യപ്പെടുന്നതിനനുസരിച്ചു ഗാനങ്ങൾ രചിക്കുക എന്ന സമ്മർദ്ദമാണ് ഏതൊരു ഗാനരചയിതാവിനും ഉള്ളത്. അത്തരം ഗാനങ്ങൾ എഴുതിയുണ്ടാക്കുമ്പോൾ എഴുതുന്ന ആളുടെ വ്യക്തിസവിശേഷതയും മാനസികാവസ്ഥയും സംസ്കാരവും അതിൽ കലരും എന്നത് യാഥാർത്ഥ്യമാണ്. അതുപോലെ തന്നെ സന്ദർഭത്തിനും കഥാപാത്രത്തിനും അനുയോജ്യമായ ഭാഷയും സംസ്കാരവും കലർത്താനുള്ള ശ്രമവും നടത്തുന്നു. വയലാറിന്റെ ഗാനങ്ങളിൽ പ്രണയ കാല്പനിക ഭാവനകൾ അങ്ങേയറ്റം കാവ്യ സുന്ദരമായി അവതരിപ്പിക്കപ്പെട്ടു. പ്രണയഭരിതമായി വികാരത്തിന് വർഷമേഘമായി അത് ഭാഷയിലും മനസ്സിലും അന്നെന്നപോലെ ഇന്നും നിറഞ്ഞു നിൽക്കുന്നു.

വയലാറിന്റെ ഗാനങ്ങളിൽ കാണുന്ന ജീവിത സംസ്കാരത്തിൽ നാടോടി ഘടകങ്ങളുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. ഫോക് അംശങ്ങളെ ധാരാളം കൂട്ടുപിടിച്ചു കൊണ്ട് തന്നെയാണ് സിനിമ ഗാനങ്ങൾ വളർന്നത്. വയലാറിന്റെ സിനിമ ഗാനങ്ങളിലും ഇത് പ്രകടമാണ്. സാംസ്കാരിക പൈതൃകത്തിന്റെ ഭാഗമായി വയലാർ ഗാനങ്ങൾ മാറ്റി തീർന്നിരിക്കുന്നതിൽ ഒരു പങ്ക് നാടൻ വിജ്ഞാനത്തിനുമുണ്ട്. ഉത്സവാഘോഷങ്ങൾ, ഇതിഹാസപുരാണാദികൾ, കഥാഗാനങ്ങൾ, നാടൻപാട്ട്, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങി നാടോടി ഘടകങ്ങളെ ഗാനങ്ങളിൽ ഉൾപ്പെടുത്തി. വയലാർ അദ്ദേഹത്തിന്റെ പരിചിതമായ വലയങ്ങൾക്കുള്ളിൽ പാട്ടിലൂടെ ഫോക് അംശങ്ങളെ സൃഷ്ടിച്ചപ്പോൾ ബാഹ്യമായ പുറമോടികളിൽ അവ നിർമ്മിക്കപ്പെട്ടു. അതുപോലെ ഒരു കൂട്ടം അറിവിന്റെ രൂപങ്ങളെ കേരളീയർ മുഖ്യധാരയായി കണ്ടു. ഫോക്കല്പനകളുടെ ഉൾപ്പെടുത്തലുകളുടെ സ്പർശനം വയലാറിന്റെ ഗാനങ്ങളെ ജനകീയവൽക്കരിച്ചു. വയലാറിന്റെ ലാവണ്യബോധങ്ങളിൽ നാടൻ സംസ്കാരത്തെയും കാല്പനികമാക്കി തീർത്തു.വയലാറിന്റെ ഗാനങ്ങൾ കാലമേറെ കഴിഞ്ഞിട്ടും മലയാളികളുടെ മനസ്സിൽ എന്നും പെയ്തു കൊണ്ടിരിക്കുന്ന മഴയായ് മാറാൻ വയലാറിന്റെ സിനിമ ഗാനങ്ങളിലെ ഫോക് ഘടകങ്ങൾ വഴി സാധിച്ചു.

## സഹായകഗ്രന്ഥങ്ങൾ

1. അനിൽകുമാർ. എൻ, പ്രകടന ഗാനങ്ങളുടെ ആഖ്യാനസൗന്ദര്യശാസ്ത്രം, തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി, 2010.
2. ജയകുമാർ. കെ, വയലാർ ഗാനരചനയിലെ ഗാന്ധർവ്വം, തിരുവനന്തപുരം, സാഹിത്യപ്രവർത്തക സഹകരണ സംഘം 2015.
3. ഹരികുമാർ. പി.കെ, മലയാളചലച്ചിത്രഗാനംസാഹിത്യചരിത്രം, തിരുവനന്തപുരം, സാഹിത്യപ്രവർത്തകസഹകരണ സംഘം, 2013.
4. വസന്തൻ. എസ്.കെ, കേരള സംസ്കാര ചരിത്ര നിഘണ്ടു, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. 2005.
5. വയലാർ കൃതികൾ, കോട്ടയം, ഡി.സി ബുക്സ്, 2016.